നം. സി.ഇ.ഇ./1081/2009/റ്റി.എ.2

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# വിജ്ഞാപനം

## മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (എം.സി.എ) 2009 പ്രവേശന പരീക്ഷ - സംബന്ധിച്ച്

1. കേരളത്തിലെ 2009 ലെ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (എം.സി.എ) പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

2. **യോഗ്യത:**

(എ) **നേറ്റിവിറ്റി:** അപേക്ഷകൻ ഇന്ത്യൻ പൗരനായിരിക്കണം.

(ബി) **വിദ്യാഭ്യാസ യോഗ്യത:** 10+2 തലത്തിൽ മാത്തമാറ്റിക്സ് ഒരു വിഷയമായി പഠിച്ച് ഏതെങ്കിലും വിഷയത്തിൽ ത്രിവത്സര ബിരുദമെടുത്തവർക്കോ മാത്തമാറ്റിക്സ്/ സ്റ്റാറ്റിസ്റ്റിക്സ ഒരു വിഷയമായി പഠിച്ച് ഒരു അംഗീകൃത ത്രിവത്സര ബിരുദമെടുത്തവർക്കോ അപേക്ഷിക്കാവുന്നതാണ്.

**കുറിപ്പ്:** മേൽപറഞ്ഞ യോഗ്യത ലഭിക്കുന്നതിനു അവസാന വർഷ പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവർക്കും പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. അവർ അഡ്മിഷൻ സമയത്ത് യോഗ്യതാപരീക്ഷയുടെ എല്ലാ മാർക്ക് ലിസ്റ്റുകളും ഹാജരാക്കേണ്ടതാണ്.

3. **സീറ്റുകളുടെ സംവരണം:**

(എ) **ശാരീരിക വൈകല്യം ബാധിച്ചവർക്കുള്ള സംവരണം:** ഈ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്കായി 3% സീറ്റുകൾ എല്ലാ സർക്കാർ/എയ്ഡഡ് കോളേജുകളിലും സംവരണം ചെയ്തിട്ടുണ്ട്.

(ബി) **മാൻഡേറ്ററി റിസർവേഷൻ:** നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് പട്ടികജാതി/പട്ടികവർഗ്ഗ/എസ്.ഇ.ബി.സി വിഭാഗങ്ങൾക്ക് സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.

4. **പ്രവേശന പരീക്ഷ:** പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് സീറ്റുകളിലേയ്ക്ക് പ്രവേശനം അനുവദിക്കുന്നത്. പ്രവേശന പരീക്ഷ **ആഗസ്റ്റ് മാസം 23 ന് (ഞായറാഴ്ച) രാവിലെ 10 മുതൽ 12 മണി വരെ** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തും. ഒബ്ജക്ടീവ് മാതൃകയിൽ ബിരുദ നിലവാരത്തിൽ നടത്തുന്ന പരീക്ഷയിൽ മാത്തമാറ്റികസ്, സ്റ്റാറ്റിസ്റ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, പൊതുവിജ്ഞാനം, ജനറൽ ഇംഗ്ലീഷ്, ഫണ്ടമെന്റൽസ് ഓഫ് കമ്പ്യൂട്ടർ അവെയർനസ്സ് എന്നീ വിഷയങ്ങളിൽ നിന്നുമായി ആകെ 150 ചോദ്യങ്ങൾ ഉണ്ടാകും.

5. **അപേക്ഷകൾ:** അപേക്ഷാഫോറവും പ്രോസ്പെക്ടസ്സും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പൊതു വിഭാഗത്തിൽപെട്ടവരും, എസ്.ഇ.ബി.സി, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവരും പ്രത്യേകം പ്രത്യേകം അപേക്ഷാ ഫോറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വെബ് സൈറ്റിൽ നിന്ന് ഓൺലൈൻ ആയി പൂരിപ്പിച്ച്

ഡൗൺലോഡ് ചെയ്ത് എടുത്ത അപേക്ഷയോടൊപ്പം കേരളത്തിൽ നിന്നുള്ള അപേക്ഷാർത്ഥികൾ അപേക്ഷയോടൊപ്പമുള്ള ചെല്ലാൻ ഉപയോഗിച്ച് എസ്.ബി.റ്റി യുടെ ഏതെങ്കിലും ഒരു ശാഖയിൽ അപേക്ഷാ ഫീസ് അടക്കേണ്ടതാണ്. (ജനറൽ വിഭാഗം/എസ്.ഇ.ബി.സി) 800/– രൂപ, (പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗം) 400/– രൂപ. കേരളത്തിനു പുറത്തു നിന്നുമുള്ള അപേക്ഷാർത്ഥികൾ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും പ്രവേശനപരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന (ജനറൽ വിഭാഗം 800/– രൂപ, പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗം 400/– രൂപ) ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട താണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

6. **<u>അപേക്ഷ ലഭിക്കേണ്ട അവസാന തീയതി:</u>** പൂരിപ്പിച്ച അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം **ജൂലായ് മാസം 31 (വെള്ളിയാഴ്ച)** വൈകുന്നേരം **5** മണിക്ക് മുമ്പായി നേരിട്ടോ രജിസ്ട്രേഡ് തപാൽ മുഖാന്തിരമോ പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.
7. വൈകി ലഭിക്കുന്നതും അപൂർണ്ണമായതും ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇത് സംബന്ധിച്ച് യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.
8. **<u>കോളേജുകളിലേയ്ക്കുള്ള അലോട്ടുമെന്റ്:</u>** പ്രവേശന പരീക്ഷയിൽ ലഭിക്കുന്ന റാങ്കിന്റെ അടിസ്ഥാനത്തിലും ഓൺലൈൻ സീറ്റ് അലോട്ടുമെന്റ് വേളയിൽ അപേക്ഷാർത്ഥി സമർപ്പിക്കുന്ന കോളേജുകളുടെ മുൻഗണനാക്രമം അനുസരിച്ചും അലോട്ടുമെന്റ് നൽകുന്നതാണ്. കോളേജുകളുടെ മുൻഗണനാക്രമം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതില്ല.
9. അപേക്ഷ സമർപ്പിച്ച ശേഷം പുതിയ വിവരങ്ങൾ ചേർക്കാനോ പുതിയ രേഖകൾ സമർപ്പിക്കാനോ അവസരം നൽകില്ല.
10. അപേക്ഷാഫോറത്തിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള സർട്ടിഫിക്കറ്റുകൾ അപേക്ഷാ ഫോറത്തിൽ തന്നെ വാങ്ങണം. പ്രത്യേകമായി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ ഇതിലേയ്ക്ക് പരിഗണിക്കില്ല.
11. അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് സർക്കാർ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പെക്ടസ്സിലെ വ്യവസ്ഥകൾ പരിശോധിക്കേണ്ടതാണ്.



തിരുവനന്തപുരം **പ്രവേശന പരീക്ഷാകമ്മീഷണർ**

13.07.2009